DESPATCHED
On.14/.9/21....

3/9/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.2181(1)/2020/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.11378/SIC-Gen4/2020**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 3**

ശ്രീമതി ആനിയമ്മ ജോസ് അഴകത്ത്,
അഴകത്ത് വീട്,
തിട്ടനാട് പി.ഒ.,
കോട്ടയം – 686 123.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഉടുമ്പൻചോല താലൂക്ക് ഓഫീസ്,
   ഇടുക്കി.
2. അപ്പീൽ അധികാരി & തഹസിൽദാർ,
   ഉടുമ്പൻചോല താലൂക്ക് ഓഫീസ്,
   ഇടുക്കി.
3. ജില്ലാ കളക്ടർ,
   ജില്ലാ കളക്ടറുടെ കാര്യാലയം,
   ഇടുക്കി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24/04/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28/06/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 05/10/2020, 07/12/2020 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 30/10/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/08/2021 |
| ഹിയറിംഗ് നടന്ന തീയതി | 03/09/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരി | പ്രതിനിധി ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ആനിയമ്മ ജോസ് അഴകത്ത്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും യാതൊരു മറുപടിയും നൽകാത്തതിനെ തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C) 15822/2020 നമ്പറായി കേസ് ഫയൽ ചെയ്തുവെന്നും തുടർന്ന് 5.8.2020–ലെ കോടതി ഉത്തരവ് നടപ്പിലാക്കി ഇടുക്കി ജില്ലാ കളക്ടർ 28.8.2020–ന് പുറപ്പെടുവിച്ച ഉത്തരവിൽ, അപ്പീൽ ഹർജിക്കാരി

അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി വിവിധ തരത്തിലുള്ള നിരവധി ഫയലുകളും റെക്കോർഡുകളും പരിശോധിക്കേണ്ടതായും ആയതിൽ നിന്നും കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുവാൻ വലിയൊരു പ്രയത്നം ആവശ്യമായി വരുന്നതായും കാണുന്നുവെന്നും ടി സാഹചര്യത്തിൽ സാധ്യമായ മുഴുവൻ വിവരങ്ങൾ കക്ഷിക്കു നൽകുന്നതിനും ശേഷിക്കുന്ന വിവരങ്ങൾ ടി ഓഫീസിലെ ഫയലുകളും റെക്കോർഡുകളും പരിശോധിച്ച് ശേഖരിക്കുന്നതിന് കക്ഷിയെ അനുവദിക്കുവാനുമുള്ള നടപടി സ്വീകരിച്ച് 15 ദിവസത്തിനകം ഹർജിക്കാരിയുടെ അപേക്ഷയിൽ തീർപ്പുണ്ടാക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകികൊണ്ട് WP(C) 15822/2020 നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവായിട്ടുള്ളതുമാണെന്നും എന്നാൽ ടി നിർദ്ദേശ പ്രകാരം യാതൊരു നടപടികളും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നും നിയമവിരുദ്ധമായി 24 പേർ നേടിയ പട്ടയത്തിന്റെ രേഖകളാണ് ഹർജിക്കാരി ആവശ്യപ്പെട്ടതെന്നും, ചെലവായ കോടതി ചെലവുകൾ സഹിതം ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് 2009 ജനുവരി 01 മുതൽ 2020 ഏപ്രിൽ 24 വരെയുള്ള താഴെ പറയുന്ന വിവരങ്ങളാണ്:

i. ഇരട്ടയാർ വില്ലേജിൽ ബ്ലോക്ക് 44, സർവ്വെ നം. 11, 12, 13, 18, 19, 20, 21 എന്നീ സർവ്വെ നമ്പറുകളിൽ കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ആർക്കൊക്കെ, ഏതൊക്കെ തീയതികളിൽ, എത്ര ഏക്കർ സ്ഥലങ്ങൾക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്നും

ii. WP(C)No.18607/2015 നമ്പർ ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഇരട്ടയാർ വില്ലേജിൽ ബ്ലോക്ക് 44, സർവ്വെ നം. 11, 12, 13, 18, 19, 20, 21-ൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ എൽ.എ. നമ്പർ, ബ്ലോക്ക് നമ്പർ, സർവ്വെ നമ്പറുകൾ, സബ് ഡിവിഷൻ നമ്പറുകൾ എന്നിവ ലഭ്യമാക്കണമെന്നും

iii. ഇരട്ടയാർ വില്ലേജിൽ ടി 24 പേർക്ക് പട്ടയങ്ങൾ നൽകുന്നതിന് ആധാരമാക്കിയ രേഖകളുടെ പകർപ്പ് (സ്കെച്ച്, മഹസർ, നമ്പർ: 1 രജിസ്റ്റർ, നമ്പർ:2 രജിസ്റ്റർ, ഗസറ്റ് നോട്ടിഫിക്കേഷൻ, പട്ടയധാരന്റെ സത്യവാങ്മൂലം, അസ്സൽ എൽ.ആർ പകർപ്പ്, മുതൽ വെച്ച രജിസ്റ്റർ) എന്നിവയുടെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 24.08.2020-ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ

സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ബഹു. കേരള ഹൈക്കോടതി WP(C)No.18607/2015 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടുമ്പൻചോല താലൂക്കിൽ ഇരട്ടയാർ വില്ലേജ് പരിധിയിൽ നൽകിയ പട്ടയങ്ങളുടെ വിശദാംശങ്ങൾ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്നതിനാണ് 24.4.2020 തീയതി ഹർജിക്കാരി എസ്.പി.ഐ.ഒ. മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ആയതിന് ഇരട്ടയാർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ 24.8.2020 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയെങ്കിലും ആയതിൽ ആക്ഷേപമുന്നയിച്ചാണ് അപ്പീൽ നൽകിയതെന്നും അപ്പീൽ അധികാരിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി നൽകിയതെന്നും ബഹു. ഹൈക്കോടതി WP(C)/15822/20 നമ്പർ പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കക്ഷിയെ 26.8.2020 തീയതി നേരിൽ കേട്ടതിൽ കക്ഷി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നാളിതുവരെ ഉടുമ്പൻചോല തഹസിൽദാരിൽ നിന്നും ലഭ്യമായിട്ടില്ല എന്നറിയിച്ചു എന്നും ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി വിവിധ തരത്തിലുള്ള നിരവധി റിക്കോർഡുകളും ഫയലുകളും പരിശോധിക്കേണ്ടതായിട്ടുള്ളതായും അപ്രകാരം ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുവാൻ വലിയൊരു പ്രയത്നം ആവശ്യമാണെന്നു കാണുന്നതിനാൽ സാധ്യമായ മുഴുവൻ വിവരങ്ങൾ കക്ഷിക്ക് നൽകുന്നതിനും ശേഷിക്കുന്ന വിവരങ്ങൾ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ഫയലുകളും റിക്കാർഡുകളും പരിശോധിച്ച് ആവശ്യമായവ ശേഖരിക്കുന്നതിന് കക്ഷിയെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് WP(C)/15822/20 നമ്പർ റിട്ട് ഹർജിയിൻമേലുള്ള വിധിന്യായം പാലിച്ച് 28.8.2020 ഉത്തരവായിട്ടുള്ളതാണെന്നും ആയതുപ്രകാരം 24.8.2020 തീയതി കക്ഷിയ്ക്ക് മറുപടി നൽകിയിരുന്നു എന്നും 14.9.2020 –ന് ജില്ലാ കളക്ടർക്ക് ടി ഉത്തരവിൻമേൽ റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണെന്നുമാണ്. ശ്രീമതി ആനിയമ്മ ജോസ് തന്റെ ഭർത്താവ് ജോസുമായി കാലങ്ങൾക്ക് മുമ്പ് പിരിഞ്ഞ് തന്റെ മകളുമൊത്ത് അമേരിക്കയിൽ സ്ഥിരതാമസമാണെന്നും ടിയാൾ പേരിൽ എല്ലാ ഓഫീസിലും വിവരാവകാശ നിയമപ്രകാരം പരാതി നൽകുന്നത് തന്റെ മകനായ ശ്രീ. മനോജ് എന്നയാളാണെന്നും ആയതിന് എന്റെ അറിവോ, സമ്മതമോ ഇല്ലായെന്നും, ടിയാൾ പേരിൽ നൽകുന്ന ഒരു പരാതിക്കും മറുപടി നൽകേണ്ടതില്ലായെന്നും അറിയിച്ചിട്ടുണ്ടെന്നും ടിയാൾ ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിച്ച് വരുന്നതെന്നും ലഭ്യമായ അപേക്ഷകളിലെല്ലാം തന്നെ മറുപടി

നൽകിയിട്ടുള്ളതായി ഫയലുകളും തപാൽ രജിസ്റ്ററുകളും പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ടെന്നും അപേക്ഷയിൽ കാണിച്ചിട്ടുള്ള മേൽവിലാസത്തിൽ അയച്ചിട്ടുള്ള കത്തുകൾ ലഭ്യമായിട്ടില്ലായെന്ന് വിചാരണ വേളയിൽ അപ്പീൽവാദി ചുമതലപ്പെടുത്തിയ ശ്രീ. സിബി മാത്യൂ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ എതിർകക്ഷി കാര്യാലയത്തിൽ നിന്നും മറുപടി അയച്ചതിന്റെ വിവരങ്ങൾ ഒരിക്കൽ കൂടി അപേക്ഷകയ്ക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.ഐ.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. ഇടുക്കി ജില്ലാ കളക്ടർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി ആനിയമ്മ ജോസ് അഴകത്ത് എന്നയാൾ ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ ഇരട്ടയാർ വില്ലേജിൽ 24 പേർക്ക് പട്ടയം അനുവദിച്ചതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിനായി ഉടുമ്പൻചോല താലൂക്കാഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് 24.4.2020 തീയതി ഒരു അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് മറുപടി ലഭ്യമാകാതിരുന്നതിനെ തുടർന്ന് ഒന്നാം അപ്പീൽ അധികാരിയായ ഉടുമ്പൻചോല തഹസിൽദാർക്ക് അപേക്ഷ സമർപ്പിക്കാതെ 28.6.2020 തീയതി ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കക്ഷി അവകാശപ്പെടുന്നുണ്ടെങ്കിലും ടി അപേക്ഷ ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും അപ്പീൽ അപേക്ഷയിലും മറുപടി കിട്ടാതിരുന്നതിനെ തുടർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ ഹർജിക്കാരി കേസ് ഫയൽ ചെയ്യുകയും തുടർന്ന് കക്ഷിയെ ഹിയറിംഗ് നടത്തി കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ നൽകുവാൻ ബഹു. ഹൈക്കോടതി WP(C)/15822/20 നമ്പർ പ്രകാരം ഉത്തരവാകുകയും ടി ഉത്തരവിനെ തുടർന്ന് 26.8.2020 തീയതി നേരിൽ കേൾക്കുന്നതിനായി നോട്ടീസ് നൽകിയിരുന്നതുപ്രകാരം കക്ഷിക്കുവേണ്ടി ശ്രീ. സിബി മാത്യു എന്നൊരാൾ ഹാജരായിട്ടുള്ളതുമാണെന്നും വിവരാവകാശ അപേക്ഷയും, അപ്പീൽ അപേക്ഷയും പരിശോധിച്ചതിൽ കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി വിവിധ തരത്തിലുള്ള നിരവധി റിക്കോർഡുകളും ഫയലുകളും പരിശോധിക്കേണ്ടതായിട്ടുള്ളതായും അപ്രകാരം ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുവാൻ വലിയൊരു പ്രയത്നം ആവശ്യമാണെന്നു കാണുന്നതിനാൽ സാധ്യമായ മുഴുവൻ വിവരങ്ങളും കക്ഷിക്ക് നൽകുന്നതിനും ശേഷിക്കുന്ന വിവരങ്ങൾ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ഫയലുകളും റിക്കാർഡുകളും പരിശോധിച്ച് ആവശ്യമായവ ശേഖരിക്കുന്നതിന് കക്ഷിയെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് 15 ദിവസത്തിനകം അപേക്ഷയിൽ തീർപ്പുണ്ടാക്കുവാൻ രണ്ടാം എതിർകക്ഷിക്ക് നിർദ്ദേശം നൽകി 28.8.2020–ന് ഉത്തരവായിട്ടുള്ളതാണെന്നും ടി ഉത്തരവ് പ്രകാരം ഉടുമ്പൻചോല താലൂക്കിലെ എസ്.പി.ഐ.ഒ. കക്ഷിക്ക് മറുപടി നൽകിയിട്ടുള്ളതായി റിപ്പോർട്ട്

ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട രീതിയിൽ തയ്യാറാക്കി നൽകുക എന്നത് കാര്യാലയത്തിന്റെ നിവൃത്തി മാർഗ്ഗങ്ങൾ അനുയോജ്യമല്ലാതെ വ്യതിചലിപ്പിക്കുമെന്നും ആയതിനാൽ ആഫീസ് പ്രവൃത്തി സമയങ്ങളിൽ റെക്കോർഡ് സെക്ഷനിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പരിശോധിച്ച് ബോധ്യപ്പെടാവുന്നതും ആവശ്യമായവയുടെ പകർപ്പുകൾ എടുക്കാവുന്നതുമാണെന്ന് കക്ഷിയെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി 24.4.2020-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 24.8.2020-നാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. സമയപരിധിയ്ക്കകം വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകാതിരിക്കുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ബഹു. സുപ്രീം കോടതി ആദിത്യബന്ദോപാദ്ധ്യാ Vs സെൻട്രൽ ബോർഡ് ഓഫ് സെക്കൻണ്ടറി എഡ്യുക്കേഷൻ എന്ന കേസ്സിലെ വിധിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത് വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിലേയ്ക്കായി ഒരു ഓഫീസിലെ ഉദ്യോഗസ്ഥരുടെ 75% സമയം ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകരുതെന്നാണ്. അപ്പീൽ ഹർജിക്കാരിയുടെ അപേക്ഷയിലെ വിവരങ്ങൾ നൽകുന്നതിനായി വിവിധ തരത്തിലുള്ള നിരവധി ഫയലുകളും റെക്കോർഡുകളും പരിശോധിക്കേണ്ടതായും ആയതിൽ നിന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതിന് വലിയൊരു പ്രയത്നം ആവശ്യമാണെന്നതിനാലുമാണ് റെക്കോർഡ് സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ ആഫീസിന്റെ പ്രവർത്തി സമയങ്ങളിൽ ഹർജിക്കാരിക്ക് പരിശോധിച്ച് ബോധ്യപ്പെടാവുന്നതും ആവശ്യമായ പകർപ്പുകൾ നിയമാനുസൃതം എടുക്കാവുന്നതുമാണെന്ന് ഒന്നാം എതിർകക്ഷി 24.8.2020-ലെ കത്ത് പ്രകാരം

ഹർജിക്കാരിയെ അറിയിച്ചിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ടി മറുപടി വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ഹർജിക്കാരിക്കോ ടിയാൾ നിർദ്ദേശിക്കുന്ന പ്രതിനിധിക്കോ എതിർകക്ഷി ഓഫീസിലെ രേഖകൾ നേരിട്ട് പരിശോധിച്ച് അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ എടുക്കുന്നതിന് എല്ലാ സഹായങ്ങളും ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരി ഒന്നാം അപ്പീൽ അധികാരിയായ ഉടുമ്പൻചോല, തഹസിൽദാർ മുമ്പാകെ ഒന്നാം സമർപ്പിക്കാതെയും കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കാതെയുമാണ് ബഹു. കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ആയതിനാൽ ടി ഇനത്തിൽ ചെലവായ തുക തിരികെ ലഭിക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യത്തിൽ മറ്റ് ഉത്തരവുകൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
THIRUVANANTHAPURAM

യു.എസ്.